പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി *(ശ്രീ. എ. പി. അനിൽകുമാർ)* :

(എ) ഇല്ല. എന്നാൽ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയ വിവേചന ഗ്രാന്റ് (നോൺ പ്ലാൻ) എന്ന പദ്ധതിപ്രകാരം ആകസ്മികമായി മരണം സംഭവിക്കുന്ന ആദിവാസികളുടെ കുടുംബത്തിന് അടിയന്തിര ധനസഹായം അനുവദിക്കുന്നുണ്ട്.

(ബി) 500 രൂപ വരെ ഒരു കുടുംബത്തിന് ഗ്രാമപഞ്ചായത്തുകൾ മുഖേന നൽകിവരുന്നു.

(സി) ചോദ്യം ഉദിക്കുന്നില്ല.

മലയോര-തീരദേശ വികസന ഏജൻസികൾ

*9 [637] *ശ്രീ. ജോർജ്ജ്, ജെ. മാത്യു* :
,, *എം. കെ. പോൾസൺ മാസ്റ്റർ* :
,, *എം. എം. ഹസ്സൻ* :
,, *ലൂഡി ലൂയിസ്* :

ശ്രീമതി രാധാരാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര വികസന ഏജൻസിയും തീരദേശ വികസന ഏജൻസിയും രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഇവയുടെ ഘടന വിശദമാക്കാമോ;

(സി) പ്രസ്തുത വികസന ഏജൻസികൾ മുഖേന നടത്തുവാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)* :

(എ) രൂപീകരിക്കാൻ മന്ത്രിസഭായോഗം തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

(ബി) ഇവയുടെ ഘടന തീരുമാനിച്ചിട്ടില്ല.

(സി) മലയോര പ്രദേശത്തിന്റെ പ്രത്യേക പ്രശ്നങ്ങൾ കണ്ടെത്തി അവ പരിഹരിക്കുന്നതിനും ഓരോ പ്രദേശത്തിനും അനുയോജ്യമായ പദ്ധതികൾക്ക് രൂപം നൽകുന്നതിനും അതാത് പ്രദേശങ്ങളിൽ നിലവിലുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങൾ, വകുപ്പുകൾ, സ്വയംഭരണ സ്ഥാപനങ്ങൾ മുതലായ വികസന ഏജൻസികൾവഴി നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ത്വരിതപ്പെടുത്തുന്നതിനും ആണ് മലയോര വികസന ഏജൻസി ഉദ്ദേശിക്കുന്നത്. അതുപോലെ തീര പ്രദേശത്തെ ജനങ്ങളുടെ പ്രത്യേകിച്ചു മത്സ്യത്തൊഴിലാളികളുടെ സംയോജിത വികസനത്തിനുവേണ്ടിയാണ് തീരദേശ വികസന ഏജൻസി രൂപീകരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly